ഉത്തരം

(എ) അപ്രകാരം അറിയിപ്പു നൽകിയിരുന്നെങ്കിലും ഗുരുമന്ദിരത്തിൽ വച്ച് മദ്യഷാപ്പു് ലേലം നടത്തിയാൽ അത് ഒരു വലിയ വിഭാഗം ആളുകളുടെ വികാരത്തെ വ്രണപ്പെടുത്തുമെന്നുള്ളതുകൊണ്ട് ലേലം നരസിംഹപുരം ആഡിറോറിയത്തിലേക്ക് മാറി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യാജച്ചാരായ കേസുകൾ

542. [746] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ വ്യാജച്ചാരായ നിർമ്മാണ കേസ്സുകൾ പിടിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഇവയിൽ ചാർജ് ചെയ്തവ എത്ര ;

(ഡി) ശിക്ഷയിനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര?

ഉത്തരം

(എ) (ഉണ്ട്).

(ബി) 1986 ഫെബ്രുവരി വരെ 30,559 കേസുകൾ.

(സി) 22,206 കേസുകൾ ഡിപ്പാർട്ടുമെൻറലായി കോമ്പൗണ്ട് ചെയ്യുകയും ബാക്കിയുള്ള 8,353 കേസുകൾ കോടതിയിൽ ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ശിക്ഷ ചുമത്തിയ കേസുകളുടെ വിവരം ശേഖരിച്ചുവരികയാണ്.

(ഡി) കോമ്പൗണ്ട് ചെയ്ത കേസുകൾക്കെല്ലാം കൂടി പിഴയിനത്തിൽ 1,16,83,347 രൂപ 75 പൈസ ലഭിച്ചു.

മദ്യലേലത്തുക

543. [745] (ശ്രീ കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലെ പുതിയ സാമ്പത്തികവർഷത്തേക്ക് കള്ളുഷാപ്പുകൾ, ചാരായഷാപ്പുകൾ, വിദേശമദ്യഷാപ്പുകൾ ഇവ ലേലം ചെയ്തുകൊടുത്ത വകയിൽ ഓരോ ഇനത്തിനേറെയും ലേലത്തുക എത്ര വീതം;

(ബി) ഇനി വല്ല സ്ഥലത്തും ഷാപ്പു ലേലം നടക്കുവാനുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാം?

ഉത്തരം

	രൂപ
(എ) കള്ള്	7,63,63,610
ചാരായം	61,76,37,803
വിദേശമദ്യം (ചില്ലറ)	3,71,77,244
വിദേശമദ്യം (മൊത്തം)	5,22,58,511
ആകെ	78,34,37,168

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഒന്നും രണ്ടും വട്ടം ലേലത്തിനുശേഷവും ലേലത്തിൽ പോകാനുള്ള റേഞ്ചുകളുടേയും ഷാപ്പുകളുടേയും വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

അബ്കാരി ലേലത്തിൽ നിന്നുള്ള വരവ്

544 [747] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ അബ്കാരി ലേലത്തിൽ ഓരോ ഇനത്തിലും കിട്ടിയ ലേലസംഖ്യയുടെ വിശദ വിവരങ്ങൾ പറയാമോ ;

(ബി) വിദേശമദ്യങ്ങളുടെ ലേലത്തുകയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) ബഹിഷ്ക്കരണം മൂലം ഏതെല്ലാം ലേലങ്ങൾ നടക്കാതിരുന്നിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷത്തേക്കാൾ മൊത്തം എത്ര സംഖ്യ എല്ലായിനത്തിലുമായി ഖജനാവിൽ കൂടുതൽ കിട്ടി?

ഉത്തരം

		രൂപ
(എ)	കള്ള്	7,63,63,610
	ചാരായം	61,76,37,,803
	വിദേശമദ്യം (ചില്ലറ)	3,71,77,244
	വിദേശമദ്യം (മൊത്തം)	5,22,58,511
	ആകെ	78,34,37,168

(ബി) 1986-87 വർഷത്തേക്ക് വിദേശമദ്യ ചില്ലറഷാപ്പുകളുടെ ലേലത്തുക 3,71,77,244 രൂപയും വിദേശമദ്യമൊത്ത ഷാപ്പുകളുടെ തുക 5,22,58,511 രൂപയും ആണ്.

(സി) കോൺട്രാക്ടർമാരുടെ ബഹിഷ്ക്കരണം മൂലം രണ്ടാം വട്ടം ലേലം ഒരു ജില്ലയിലും നടക്കാതിരുന്നിട്ടില്ല. എന്നാൽ ചില മദ്യഷാപ്പുകളുടെ ലേലം ആരും പങ്കെടുക്കാത്തതു കാരണം നടന്നിട്ടില്ല.

(ഡി) കഴിഞ്ഞ വർഷത്തേക്കാൾ മൊത്തം ഉദ്ദേശം ഏഴു കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ഇപ്പോൾ കണക്കാക്കപ്പെട്ടുന്നു.

ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മേൽനോട്ടത്തിൽ അന്വേഷണം

545 [748] ശ്രീ. എ. വി. താമരാക്ഷൻ :

,, പി. വിജയദാസ് :

(ടി) ,, ടി. പി. പീതാംബരൻ മാസ്റ്റർ :

,, എ. കെ. ശശീന്ദ്രൻ :

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IX

നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ [745] കാണുക

ഒന്നും രണ്ടും വട്ടം ലേലം പൂർത്തിയായപ്പോഴും ഇനിയും ലേലത്തിൽ പോകാനുള്ള റെയിഞ്ചുകളും ഷാപ്പുകളും താഴെ കൊടുക്കുന്നു.

1. എറണാകുളം ജില്ല

കോതമംഗലം	റേഞ്ചിലെ	3	കള്ളുഷാപ്പുകളും
മട്ടാഞ്ചേരി	,,	15	,,
വാരാപ്പുഴ	,,	18	,,
പറവൂർ	,,	26	,,
അങ്കമാലി	,,	30	,,
ഞാറയ്ക്കൽ	,,	24	,,
അങ്കമാലി	,,	1	ഗ്രൂപ്പ് ചാരായഷാപ്പ്
എറണാകുളം	,,	1	വിദേശമദ്യഷാപ്പ് (ചില്ലറ)
ആലുവ	,,	1	,, ,,
അങ്കമാലി	,,	1	,, ,,

2. ആലപ്പുഴ ജില്ല

ആലപ്പുഴ	റേഞ്ചിലെ	2	കള്ളുഷാപ്പുകളും
കുട്ടനാട്	,,	1	,,
ആലപ്പുഴ	,,	1	വിദേശമദ്യഷാപ്പ് (ചില്ലറ)

3. തൃശ്ശൂർ ജില്ല

തൃശ്ശൂർ, അന്തിക്കാട്, ചാവക്കാട് എന്നീ റേഞ്ചുകളിലെ എല്ലാ കള്ളുഷാപ്പുകളും.

4. മലപ്പുറം ജില്ല

മഞ്ചേരി റെയിഞ്ച്	13	കള്ളുഷാപ്പുകളും
പരപ്പനങ്ങാടി	14	,,
തിരൂർ	10	,,

5. കോട്ടയം ജില്ല

വൈക്കം റേഞ്ചിലെ 9 കള്ളുഷാപ്പുകളും.

6. കോഴിക്കോട് ജില്ല

കോഴിക്കോട് റേഞ്ചിലെ 2 വിദേശമദ്യ ചില്ലറ വിൽപ്പന ഷാപ്പുകളും

———

LIBRARY ARCHIVES Kerala Legislative Assembly